വാരാന്ത്യപതിപ്പ്   ലക്കം-44 | MARCH 20 - MARCH 26

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

എൻ.എസ്.എസ് വാർത്തകൾ

സോഷ്യോ പോഡ്സ്
പേജ് 1

വേൾഡ് ഓറൽ ഹെൽത്ത് ഡേ
പേജ് 1

അന്താരാഷ്ട്ര സന്തോഷ ദിനം
പേജ് 2

ഇന്ത്യൻ സിവിൽ സർവീസസ്
പേജ് 2

ഫ്ലാഗ്ഷിപ്പ്
പേജ് 3

ബോധവൽക്കരണം
പേജ് 3

ലോക വന ദിനം
പേജ് 4

ലോക കവിതാ ദിനം
പേജ് 4

ലോക ജല ദിനം
പേജ് 5

മെഗാ ബ്ലഡ് ഡ്രൈവ്
പേജ് 5

ഡേ ഓഫ് ഹാപ്പിനെസ്സ്
പേജ് 6

ലോക കാലാവസ്ഥാ ദിനം
പേജ് 6

ലോക ക്ഷയ രോഗ ദിനം
പേജ് 7

വാക്സിനേഷന്റെ പ്രാധാന്യം
പേജ് 7

അഭയം
പേജ് 8

അക്ഷരാഗ്നി
പേജ് 8

ചോദ്യം ഉത്തരം
പേജ് 9

ചിന്താവിഷയം




## സോഷ്യോ പോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോ പോഡ്സ്

നിറങ്ങളുടെ ഉത്സവമായ ഹോളി ആഘോഷത്തെക്കുറിച്ച് യൂണിറ്റിന്റെ പോഡ്കാസ്റ്റായ സോഷ്യോ പോഡ്സിന്റെ നാൽപ്പത്തിയാറാം എഡിഷനിൽ വളന്റിയർ ഗായത്രി സംസാരിച്ചു.ഹോളിയുടെ ഇതിഹാസ കഥകളും, അത് എങ്ങനെയാണ് ആഘോഷിക്കുന്നത് എന്നതിനെക്കുറിച്ചും , ഹോളി ആഘോഷത്തിലെ നിറങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ഗായത്രി വ്യക്തമാക്കി.

## വേൾഡ് ഓറൽ ഹെൽത്ത് ഡേ

മാർച്ച് ഇരുപതിന് എൻ എസ് എസിന്റെ നേതൃത്വത്തിൽ ലോക ഓറൽ ഹെൽത്ത് ദിനം ആചരിച്ചു. വായ ഒരു വ്യക്തിയുടെ ശരീരത്തിന്റെ കണ്ണാടിയാണ്, ശരീരത്തിന്റെ പൊതുവായ ആരോഗ്യവും ക്ഷേമവും പ്രതിഫലിപ്പിക്കുന്നു. അതിനാൽ വായുടെ ആരോഗ്യത്തെക്കുറിച്ചും വാക്കാലുള്ള ശുചിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അവബോധം വളർത്തുന്നതിനാണ് ഈ ദിനം ആചരിക്കുന്നത്. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




## അന്താരാഷ്ട്ര സന്തോഷ ദിനം

മാർച്ച് ഇരുപത് അന്താരാഷ്ട്ര സന്തോഷദിനം ആചരിച്ചു. ജീവിതത്തിൽ സന്തോഷത്തിന്റെ പ്രസക്തി മനസ്സിലാക്കുന്നതിനു വേണ്ടിയാണ് ഈ ദിവസം ആചരിക്കുന്നത്. ഇതിനോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.



# ഇന്ത്യൻ സിവിൽ സർവീസസ്

നെഹ്റു യുവ കേന്ദ്ര സംഘടനയും ,സെന്റ് തോമസ് കോളേജ് (ഓട്ടോണോമസ്), തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളും ചേർന്ന് മാർച്ച് ഇരുപത്തിയൊന്ന് തിങ്കൾ രാവിലെ പത്ത് മണിക്ക് പ്രോഗ്രാം ഓഫീസർമാരായ പ്രൊഫസർ രഞ്ജിത്ത് വർഗീസിന്റെയും, ഡോ വിമല കെ ജോണിന്റെയും നേതൃത്വത്തിൽ മേഡ്‌ലിക്കോട്ട് ഹാളിൽ വച്ച് "ഇന്ത്യൻ സിവിൽ സർവീസസ് -(പ്ലാറ്റഫോം ഫോർ എഡ്യൂക്കേറ്റഡ് യൂത്ത് ഫോർ എമ്പവറിങ് ഡെമോക്രസി)" എന്ന വിഷയവുമായി ബന്ധപ്പെട്ട് സെമിനാർ സംഘടിപ്പിച്ചു. ഇന്ത്യൻ സിവിൽ സർവീസിനെക്കുറിച്ച് ക്ലാസ്സ് നയിച്ചത് വിഷ്ണു കെ സർ ആണ്. വളന്റിയേഴ്സിന്റെ ഇടയിൽ സിവിൽ സർവീസിനെക്കുറിച്ച് കൂടുതൽ അവബോധം നൽകാൻ ഈ സെമിനാറിലൂടെ സാധിച്ചു.




# ഫ്ലാഗ്ഷിപ്പ്

നെഹ്റു യുവ കേന്ദ്ര സംഘടനയും സെന്റ് തോമസ് കോളേജ് (ഓട്ടോണോമസ്), തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളും ചേർന്ന് മാർച്ച് ഇരുപത്തിയൊന്ന് തിങ്കൾ രാവിലെ പതിനൊന്ന് മണിക്ക് പ്രോഗ്രാം ഓഫീസർമാരായ പ്രൊഫസർ രഞ്ജിത്ത് വർഗീസിന്റെയും, ഡോ വിമല കെ ജോണിന്റെയും നേതൃത്വത്തിൽ മേഡ്‌ലിക്കോട്ട് ഹാളിൽ വച്ച് "ഫ്ലാഗ്ഷിപ് പ്രോഗ്രാംസ് ഓഫ് ഗവണ്മെന്റ് ഓഫ് ഇന്ത്യ" എന്ന വിഷയവുമായി ബന്ധപ്പെട്ട് സെമിനാർ സംഘടിപ്പിച്ചു. ഇന്ത്യ ഗവണ്മെന്റിന്റെ വിവിധ പദ്ധതികളെക്കുറിച്ച് ക്ലാസ്സ് എടുത്തത് അഡ്വ. റെബിൻ ഗ്രാലൻ വിൻസെന്റ് ആയിരുന്നു. വളന്റിയേഴ്സിന്റെ ഇടയിൽ ഉപകാരപ്രദമായ മേഖലകളെക്കുറിച്ച് കൂടുതൽ അവബോധം നൽകാൻ ഈ സെമിനാറിലൂടെ സാധിച്ചു.



# ബോധവൽക്കരണം

നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ എൻ എസ് എസും ചേർന്ന് വളന്റിയേഴ്സിനുവേണ്ടി മാർച്ച് ഇരുപത്തിയൊന്നാം തിയ്യതി, ഉച്ചയ്ക്ക് രണ്ടരയ്ക്ക് 'സൈബർ അവയർനസ്സ് ആന്റ് ഇംപാക്ട് ഓഫ് സോഷ്യൽ മീഡിയ ഓൺ യൂത്ത്'എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു . ശ്രീ. ഷൈൻ ഐ ബി യാണ് വിഷയത്തിൽ ക്ലാസ്സ് നയിച്ചത്. സൈബർ അക്രമങ്ങളെയും അതിക്രമങ്ങളെക്കുറിച്ചും, ഹാക്കിങ്ങിനെക്കുറിച്ചും  മാധ്യമങ്ങൾ വഴി നാം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അദ്ദേഹം വിശദമായി സംസാരിച്ചു. പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ. രഞ്ജിത്ത് വർഗ്ഗീസ് , ഡോ. വിമല കെ ജോൺ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.




# ലോക വന ദിനം

മാർച്ച് ഇരുപത്തിയൊന്നാം തിയ്യതി ലോക വനദിനം ആചരിച്ചു.വനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവത്കരണം ലക്ഷ്യമിട്ട് **2012** ലാണ് യു.എൻ. മാർച്ച് ഇരുപത്തിയൊന്ന് വനദിനമായി ആചരിച്ചു തുടങ്ങുന്നത്. ദിനത്തിനോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# ലോക കവിതാദിനം




മാർച്ച് ഇരുപത്തിയൊന്ന് ലോക കവിതാദിനം ആചരിച്ചു.കാവ്യരചന, വായന, ആസ്വാദനം, പ്രസാധനം, അധ്യാപനം എന്നിവ പ്രോത്സാഹിപ്പിക്കാനും പ്രചരിപ്പിക്കാനുമാണ് ഈ ദിനാചരണം ലക്ഷ്യമിടുന്നത്. ഇതിനോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു. കൂടാതെ വളന്റിയേഴ്സിനിടയിൽ കവിതാരചന മത്സരം സംഘടിപ്പിച്ചു.ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥി ആദിൽ മുഹമ്മദ്. വി. എസ് വിജയിയായി.




# ലോക ജല ദിനം

സെന്റ് തോമസ് കോളേജ് (ഓട്ടോണോമസ്), തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളായ 42 & 144 മാർച്ച് ഇരുപത്തിരണ്ട് ചൊവ്വ "ലോക ജല ദിനം"ആയി ആചരിച്ചു .നമ്മുടെ ജീവിതത്തിൽ ജലത്തിനുള്ള പ്രാധാന്യം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിന് വേണ്ടിയാണ് ഈ ദിനം ആചരിക്കുന്നത്. ഈ ദിവസത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# മെഗാ ബ്ലഡ് ഡ്രൈവ്

മാർച്ച് ഇരുപത്തിനാലാം തിയ്യതി സെന്റ് തോമസ് കോളേജ് (ഓട്ടോണോമസ്), തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റ് മെഗാ ബ്ലഡ് ഡൊണേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. രാവിലെ മുതൽ ഉച്ച വരെ കോളേജ്, ജൂബിലി മിഷൻ ഹോസ്പിറ്റൽ, ഐ എം എ ബ്ലഡ് ബാങ്ക് എന്നിവിടങ്ങളിലായിട്ടാണ് നടത്തിയത്. എഴുപതോളം പേർ ഈ മഹാ സംരംഭത്തിൽ സജീവമായി പങ്കെടുത്തു.













# ഡേ ഓഫ് ഹാപ്പിനെസ്സ്

സെന്റ് തോമസ് കോളേജ് (ഓട്ടോണോമസ്),തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളായ **42 & 144** ഉം ചേർന്ന് മാർച്ച് ഇരുപത്തിമൂന്ന് ബുധനാഴ്ച പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ.രഞ്ജിത്ത് വർഗീസിന്റെയും, ഡോ.വിമല.കെ.ജോണിന്റെയും നേതൃത്വത്തിൽ പേരാമംഗലത്തുള്ള മരിയ ഭവൻ സ്പെഷ്യൽ സ്കൂൾ സന്ദർശിച്ചു.അവിടെയുള്ള അന്തേവാസികളുടെ കലാപരിപാടികൾ ആസ്വദിച്ചും,അവർക്കായി മത്സരങ്ങൾ സംഘടിപ്പിച്ചും വളന്റിയേഴ്സ് അവർക്കൊപ്പം സമയം ചിലവഴിച്ചു.ആറു വയസ്സു മുതൽ അറുപതിനുമേലെ പ്രായം ചെന്നവരാണ് അവിടെയുള്ളവരെന്നും, അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും,അവരുടെ രോഗാവസ്ഥയെക്കുറിച്ചും അവരെ നോക്കുന്ന സിസ്റ്റർ പങ്കുവച്ചു.അവരൊടൊപ്പം കളിച്ചും സംസാരിച്ചും,ചിരിക്കാൻ മറക്കരുത് എന്ന് ഓർമ്മിപ്പിച്ചും അന്നേ ദിവസം ഭംഗിയാക്കി.











# ലോക കാലാവസ്ഥാ ദിനം

മാർച്ച് ഇരുപത്തിമൂന്ന് ബുധനാഴ്ച എൻ എസ് എസ് വളന്റിയേഴ്‌സ് ' ലോക കാലാവസ്ഥാ ദിനം' ആചരിച്ചു. ലോക കാലാവസ്ഥാ ദിനം ലക്ഷ്യമിടുന്നത് സമൂഹത്തിന്റെ സുരക്ഷയാണ്. പ്രകൃതിയും അന്തരീക്ഷവും സംരക്ഷിക്കുന്നതിൽ വ്യക്തികളുടെ പ്രാധാന്യവും അവരുടെ പ്രവർത്തനങ്ങളും അതിപ്രധാനമെന്ന് ഈ ദിനം ഓർമിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് "ഏർളി വാർണിങ് ആൻഡ് ഏർളി ആക്ഷൻ" എന്ന വാക്യമടങ്ങുന്ന പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# ലോക ക്ഷയ രോഗ ദിനം

മാർച്ച് ഇരുപത്തിനാല് ലോക ക്ഷയരോഗ ദിനം ആചരിച്ചു . 1992 മുതലാണ് ഈ ദിനം ആചരിക്കുന്നത് . അമ്പതു കൊല്ലത്തിലേറെയായി ക്ഷയരോഗത്തിനു ഫലപ്രദമായ മരുന്നും വാക്സിനും നമുക്ക് ലഭ്യമാണ്. ക്ഷയരോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് ഈ ദിനം ആചരിക്കുന്നത്. ഈ ദിവസത്തോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്‌സ് പോസ്റ്റർ നിർമ്മിച്ചു.



# വാക്സിനേഷന്റെ പ്രാധാന്യം

മാർച്ച് ഇരുപത്തിയഞ്ചാം തിയ്യതി 'ഇംമ്പോർട്ടൻസ് ഓഫ് വാക്സിനേഷൻ' എന്ന പേരിൽ ക്ലാസ്സ് സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. മാർട്ടിൻ കെ.എ ഉദ്ഘാടനം നിർവഹിച്ചു. ഡോ. രേണുക .യു ഈ വിഷയത്തെക്കുറിച്ച് ഓൺലൈൻ വഴി ക്ലാസ്സ് നയിച്ചു . വാക്സിനേഷന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും വാക്സിനേഷന്റെ ഉത്ഭവത്തെക്കുറിച്ചും, ചരിത്രത്തെക്കുറിച്ചും ക്ലാസ്സ് എടുത്തു. പ്രോഗ്രം ഓഫീസർമാരായ പ്രൊഫ. രഞ്ജിത്ത് വർഗീസ്, ഡോ. വിമല കെ.ജോൺ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു . എല്ലാ എൻ എസ് എസ് വളന്റിയേഴ്സും ശ്രദ്ധയോടെ ഈ ക്ലാസ്സിൽ പങ്കെടുത്തു.













# അഭയം

എൻ എസ് എസ് യൂണിറ്റുകളുടെ സ്വപ്ന പദ്ധതിയായ 'അഭയം ഭവന നിർമ്മാണ പദ്ധതി ' പ്രോഗ്രാം ഓഫീസേഴ്സ് പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ. വിമല കെ ജോണിന്റെയും നേതൃത്വത്തിൽ വാർപ്പ് കഴിഞ്ഞ് നല്ല രീതിയിൽ പുരോഗമിക്കുന്നു .



## ചോദ്യം ഉത്തരം

ആരാണ് ആദ്യത്തെ എൻ എസ് എസ് വളന്റിയർ?

ഡൽഹി സർവകലാശാലയിൽ നിന്ന് കെ.കെ ഗുപ്ത.

## അക്ഷരാഗ്നി

ഫിൻസി മരിയ ജോയ്

# പുലരി

കണ്ണിലെ നാളമായി പകലിന്റെ വെട്ടങ്ങൾ
മർത്യന്റെ മാനസം തൊട്ടുണർത്തിടവേ
ഉണരൂ നീ മെല്ലെ മെല്ലെ നീ ഉണരൂ
ഉലകിന്റെ ഭംഗി നീ ഉണർന്നു കാണൂ

പൂക്കളും പുഴകളും കവിതകൾ ചൊല്ലുന്ന
പുലരി എന്നെ വിളിച്ചുണർത്തുന്നു
പഞ്ചഭൂതങ്ങളും പഞ്ചവർണ്ണകിളി
പാടുന്നു പഞ്ചമം കേട്ടു ഉണർന്നങ്ങു പോയ്

പാറുന്ന പറവയും പാടുന്ന കുയിലുമീ
താനേ ചലിക്കുന്ന തളിരില കൂട്ടവും
പുതുവേണുവോതുന്ന രാഗവും താളവും
ചേർത്തു പാടട്ടെ ഞാനെന്റെ ഈരടി

പിന്നെയും വന്നെത്തി പുഞ്ചിരിതൂകുമീ
പകലിന്റെ നാളങ്ങൾ ഇന്ന് എന്റെ സ്വന്തം
നെഞ്ചിലെ ശ്വാസത്തിൽ അലിയുന്ന ജീവനായി
ഇന്നിതാ വന്നെത്തി ഒരു വട്ടം കൂടി.



# ചിന്താവിഷയം

സ്വപ്നം കാണുക, ആ സ്വപ്നങ്ങളെക്കുറിച്ച്
ചിന്തിക്കുക, ആ ചിന്തകളെ പ്രവൃത്തിയിലൂടെ
സഫലമാക്കുക.

-- ഡോ. എ. പി. ജെ അബ്ദുൽ
കലാം